ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ശിരസ്തദാരന്മാർക്കുണ്ടായിരുന്ന ശമ്പളം തന്നെയാണോ ഇപ്പോഴും ഹെഡ് ക്ലാർക്കിനും കിട്ടിക്കൊണ്ടിരിക്കുന്നതെന്നറിയാമോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ശിരസ്തദാർക്ക് കൊടുത്തിരുന്ന ശമ്പളം കൊടുക്കുന്നില്ല. ഇപ്പോൾ തിരുവിതാംകൂറിലെ ആർഡർ അനുസരിച്ചു കൊടുക്കണമെന്നു തീരുമാനിച്ചു. മജിസ്ട്രേട്ടുകോടതി ഹെഡ് ക്ലാർക്കിനും, മുൻസിഫ് കോടതി ഹെഡ് ക്ലാർക്കിന്റെ ശമ്പളസ്കെയിൽ കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. അതിൽ കൂടുതൽ കിട്ടണം എന്നുള്ളതിനെസംബന്ധിച്ചു നിവേദനം ഉണ്ടായിരുന്നു. അതേപ്പറ്റി ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഇതു് ഒരു താഴ്ന്ന ഉദ്യോഗസ്ഥനാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അവർക്ക് ഇന്നു വരിച്ചുവരുന്ന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള ജോലികളിൽ അവരെ അഡ്ജസ്റ്റ് ചെയ്യാൻ പറഞ്ഞിരിക്കുകയാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ശിരസ്തദാരും, ഹെഡ് ക്ലർക്കും ഉണ്ടായിരുന്ന കോടതികൾ ഉണ്ടായിരുന്നോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അതാണ് മദ്രാസ് പാരേതൻ. ടി. സി. എക്സിയിൽ ഉള്ളമാതിരി മതി എന്നു് ഇപ്പോൾ തീർച്ചയാക്കിയതാണ്.

എയിഡഡ് സ്കൂൾ ടീച്ചർമാർക്കുള്ള പെൻഷൻ.

* 1366. [17] ശ്രീമതി ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ, എ. പി. ടീച്ചർമാർക്കു് പെൻഷൻ അനുവദിച്ചുകൊണ്ടു് റിട്രെൻഷ്മെന്റ് മുൻപു് മദ്രാസ് ഗവണ്മെന്റ് ഒരു പദ്ധതി നടപ്പിൽ വരുത്തിയിരുന്നുവോ ;

(ബി) വരുത്തിയിരുന്നു എങ്കിൽ ആ പദ്ധതിക്കു് പിന്നീടു കേരളാ ഗവണ്മെന്റും അംഗീകാരം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇപ്പോൾ സർവ്വീസിൽ ഇല്ലാത്ത പെൻഷനു് അർഹരായ ടീച്ചർമാർക്കു് പെൻഷൻ കൊടുക്കാത്തതിനു് കാരണമെന്തെന്നു് പറയുമോ ;

(ഡി) അർഹരായ എല്ലാവർക്കും പെൻഷൻ നൽകാൻ ഉടനടി നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉവ്വു്.

(ബി) ഉണ്ടു്.

(സി) അർഹരായവർക്കു് പെൻഷൻനൽകാൻ നടപടിചെയ്തിട്ടുണ്ടു്.

(ഡി) നടപടി ചെയ്തിട്ടുണ്ടു്.

ശ്രീമതി ശാരദാകൃഷ്ണൻ : റിട്രെൻഷ്മെന്റ് മുൻപു് ഇവർക്കു് പെൻഷൻ ലഭിച്ചിരുന്നോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പെൻഷൻ ലഭിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly